**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 219** **12-10-2026-ൽ മറുപടിയ്ക്ക്**

**കുന്നംകുളം താലൂക്ക് ആശുപത്രിയിലെ കിഫ്ബി ഫണ്ട് വിനിയോഗം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കുന്നംകുളം ഗവ. താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

**മറുപടി:** കുന്നംകുളം ഗവ.താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പുതിയ കെട്ടിടത്തിന്റെ ഭൗതിക നിർമ്മാണത്തിന്റെ 68% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടത്തിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെ DPR അപ്രൂവലിനായി KMSCL, KIIFB എന്നിവർക്ക് സമർപ്പിക്കുകയും, ഫർണീച്ചറുകൾ ലഭ്യമാക്കുന്നതിനുള്ള ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലുമാണ്.

**(ബി)** പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ആശുപത്രി പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ;

**മറുപടി:** പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2026 നവംബർ 30-നകം പൂർണ്ണമായി പൂർത്തീകരിക്കാനാകുമെന്ന് പദ്ധതിയുടെ SPV ആയ INKEL അറിയിച്ചിട്ടുണ്ട്. ഇതിലേക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങളും, ഫർണിച്ചറുകളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആവശ്യമായ അനുബന്ധ നടപടികൾ പൂർത്തിയാക്കി, പുതിയ കെട്ടിടം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

**(സി)** പുതിയ കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് അവിടെ വിവിധ വിഭാഗങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഡോക്ടർമാർ, നഴ്സുമാർ, പാരമെഡിക്കൽ ജീവനക്കാർ എന്നിവരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**മറുപടി:** പുതിയ കെട്ടിടത്തിലേയ്ക്ക് ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**